**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 90** **08-08-2023 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയുടെ ആധുനികവത്ക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരളാ പൊലീസിന്റെ ആധുനികവത്കരണത്തിനായി ഈ സർക്കാർ ചെലവഴിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ; | (എ) | കേരളാ പോലീസിന്റെ ശാക്തീകരണത്തിനും, ആധുനികവത്കരണത്തിനും വേണ്ടി ഈ സർക്കാർ "Assistance to States and UTs for Modernisation of Police" (ASUMP) എന്ന പദ്ധതി പ്രകാരം 2021-2022, 2022-2023 എന്നീ സാമ്പത്തിക വർഷങ്ങളിലായി 47,07,81,493/- രൂപ (നാൽപ്പത്തിയേഴ് കോടി ഏഴ് ലക്ഷത്തി എൺപത്തിയൊന്നായിരത്തി നാനൂറ്റി തൊണ്ണൂറ്റി മൂന്ന രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.<br>സംസ്ഥാന സർക്കാരിന്റെ 2021-2022 വർഷത്തെ പ്ലാൻ സ്കീം പ്രകാരം 150,47,25,000/- രൂപയും (നൂറ്റിയമ്പത് കോടി നാൽപ്പത്തിയേഴ് ലക്ഷത്തി ഇരുപത്തിയയ്യായിരം രൂപ മാത്രം), കൂടാതെ 2022-23 വർഷത്തെ പ്ലാൻ സ്കീം പ്രകാരം 110,12,03,000/- രൂപയും (നൂറ്റിപ്പത്ത് കോടി പന്ത്രണ്ട് ലക്ഷത്തി മൂവായിരം രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | കേരള പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആധുനികവത്കരിക്കുന്നതിനുമായി ആരംഭിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തെ പോലീസ് സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെയും, ആധുനികവൽക്കരിക്കുന്നതിന്റെയും ഭാഗമായി CCTNS ന് ആവശ്യമായ Infrastructure Digital Signature വാങ്ങുന്നതിനും, Operation & Maintenance നടത്തുന്നതിനും സ്റ്റേറ്റ് പ്ലാൻ സ്കീം 2022-2023 ൽ മൂന്ന് കോടി രൂപ അനുവദിച്ചിരുന്നു. സ്റ്റേറ്റ് പ്ലാൻ സ്കീം 2021-2022, 2022-2023 ൽ Artificial Intelligence based Mobile Application നു വേണ്ടി ഓരോ കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് പ്ലാൻ സ്കീം 2021- 2022, 2022-2023 Artificial Intelligence based Drone/Anti Drone സംവിധാനത്തിനുവേണ്ടി ഓരോ കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്. ട്രാഫിക് മാനേജ്മെന്റിനായി ലഭിച്ച തുക ഉപയോഗിച്ച് 106 ആൽക്കോമീറ്റർ, സ്പീഡ് റഡാർ എന്നിവ വാങ്ങിയിട്ടുണ്ട്. ട്രെയിനിംഗിനും, റെയിൽവേ പോലീസ് നവീകരണത്തിനുമായി സ്റ്റേറ്റ് |

പ്ലാൻ വഴി തുക അനുവദിച്ചിട്ടുണ്ട്. BDDS-നു ആവശ്യമായ സെക്യൂരിറ്റി ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി അനുവദിച്ച 58 ലക്ഷം രൂപ ഉപയോഗിച്ച് 8 Door Frame Metal Detector (DFMD), 11 HHMD (Handheld Metal Detector) എന്നിവ വാങ്ങിയിട്ടുണ്ട്. കൂടാതെ Anti Terrorist Squad ന്റെ നവീകരണത്തിനായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

കേരളാ പോലീസിന്റെ പ്രവർത്തന വൈദഗ്ധ്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി ആവശ്യമായ ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ വാങ്ങുന്നതിനായി സ്റ്റേറ്റ് പ്ലാൻ സ്കീം 2022-2023 ൽ 150 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ സ്കീം 2022-2023 ൽ സൈബർ ഡോമിനായി 465 ലക്ഷം രൂപ അനുവദിക്കുകയും, സൈബർ പോലീസ് സ്റ്റേഷനുവേണ്ടി സോഫ്റ്റ് വെയർ/ഹാർഡ് വെയർ വാങ്ങുന്നതിനായി ഒരു കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു.

ശാസ്ത്രീയ കുറ്റാന്വേഷണം ശാക്തീകരിക്കുന്നതിനായി സയന്റിഫിക് ഉപകരണങ്ങളായ Refrigerated centrifuge, Mobile Compactor Storage തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലാബിലേക്ക് ലഭ്യമാക്കിയിട്ടുണ്ട്. നിലവിലെ അനലോഗ് ടെലി ഉപകരണങ്ങൾക്ക് പകരം അത്യാധുനിക രീതിയിലുള്ള ഡിജിറ്റൽ റേഡിയോ കമ്മ്യൂണിക്കേഷൻ സിസ്റ്റം തൃശ്ശൂർ ജില്ലയിൽ ആവിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. Finger Print Bureau യെ digitize ചെയ്യുന്നതിലേയ്ക്കായി Automated Fingerprint Identification System (AFIS) നടപ്പിലാക്കിയിട്ടുണ്ട്. ടെലിഫോൺ കോളുകൾ, മെസ്സേജുകൾ എന്നിവ നിയമപരമായി intercept ചെയ്യുന്നതിനായി CMS (Central Monitoring System) നടപ്പിലാക്കിയിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ച് വരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി കേന്ദ്രസർക്കാർ സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന Cyber Crime Prevention Against Women and Children (CCPWC) Projectന്റെ ഭാഗമായി കേരള പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിങ് സെന്റർ ആരംഭിച്ചിട്ടുണ്ട്.

ശബരിമലയിലെ അധിക സുരക്ഷയ്ക്കായി Portable X-ray baggage scanner വാങ്ങി നൽകിയിട്ടുണ്ട്. KANSAF (Kerala Anti Narcotic Special Action

Force) സ്കീം പ്രകാരം 50 Multi Line Screen Test Device (Urine), 7 Multi Line Twist Screen Test Device (Oral fluid) എന്നിവ വാങ്ങി യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്.

ക്രമസമാധാനപാലന പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പ്രധാന സ്ഥലങ്ങളിൽ CCTV ക്യാമറകളും ജില്ലാ അതിർത്തികളിൽ Automated Number Plate Recognition System (ANPR) ക്യാമറകളും സ്ഥാപിച്ച് നിരീക്ഷിച്ചു വരുന്നു. ടി ക്യാമറകളിലൂടെ ലഭിക്കുന്ന വിവരങ്ങൾ വിശകലനം ചെയ്യുന്നതിനായി ഒരു കേന്ദ്രീകൃത ഡാറ്റാബേസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ട്രാഫിക് നിയമ ലംഘകരെ കണ്ടെത്തുന്നതിനും, ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും മറ്റുമായി ക്യാമറകൾ ഉൾപ്പെടുത്തിയുള്ള 'Integrated Digital Traffic Enforcement System' എന്ന പദ്ധതി 'BOOT' (Build Own Operate Transfer) പ്രകാരം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

സംസ്ഥാനത്തെ എല്ലാ ലോക്കൽ പോലീസ് സ്റ്റേഷനുകൾ ഉൾപ്പടെ 520 പോലീസ് സ്റ്റേഷനുകളിലും സിസിടിവി ക്യാമറകളും കൂടാതെ എല്ലാ ജില്ലാ പോലീസ് ഓഫീസുകളിലും പോലീസ് ആസ്ഥാനത്തും സിസിടിവി ക്യാമറ മോണിറ്ററിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനായുള്ള പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്.

2022-2023 സംസ്ഥാന പ്ലാൻ പദ്ധതി പ്രകാരം പോലീസ് സ്റ്റേഷനുകൾക്കായി 98 LMV, മലയോര പോലീസ് സ്റ്റേഷനുകൾക്കായി 10 Four Wheel Drive LMV, കൺട്രോൾ റൂമുകൾക്കായി 08 LMV ബറ്റാലിയനും വിവിധ സ്പെഷ്യൽ യൂണിറ്റുകൾക്കുമായി 36 LMV, ജില്ലകളിലേക്കായി 06 മീഡിയം ബസ്, 02 വാട്ടർ ടാങ്കർ, 02 ഓപ്പൺ ലോറി, 02 ആംബുലൻസ്, 69 ടൂ വീലറുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. Fingerprint Bureau-യ്ക്കുവേണ്ടി 20 LMV വാങ്ങി നൽകിയിട്ടുണ്ട്. Economic Offence Wing-നു വേണ്ടി 07 LMV വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. കൂടാതെ Road Safety Fund ഉപയോഗിച്ച് 27 LMV യും 16 Recovery വാഹനങ്ങളുടെ ചെയ്സുകളും വാങ്ങിയിട്ടുണ്ട്.

സംസ്ഥാന പ്ലാൻ പദ്ധതി 2022-2023 പ്രകാരം Body Protective Gear-1250, Fiber Shield-2000, Helmet-8055, Heavy Movable Barricade-76 തുടങ്ങിയ ലഹള നിയന്ത്രണ ഉപകരണങ്ങളും

സേനയ്ക്കായി വാങ്ങി നല്കിയിട്ടുണ്ട്. ആന്റി നാർക്കോട്ടിക്സ് വിഭാഗത്തിനായി 25 NDPS Detection Kits വാങ്ങി നൽകിയിട്ടുണ്ട്.

സ്റ്റേറ്റ് പ്ലാൻ സ്കീം 2022-2023 ന്റെ ഭാഗമായി ഒരു കോടി രൂപ 20 പോലീസ് ജില്ലകൾക്ക് 50 പോലീസ് സ്റ്റേഷനുകൾ സ്ത്രീ സൗഹൃദ സ്റ്റേഷൻ ആക്കുന്നതിനുള്ള ചെലവുകൾക്കായി അനുവദിച്ചിട്ടുണ്ട്. Women Victim Support Scheme-നായി 20 പോലീസ് ജില്ലകൾക്ക് ഒരു ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

2022-23 സംസ്ഥാന പ്ലാൻ പദ്ധതി പ്രകാരം 75 ലക്ഷം രൂപ എല്ലാ ജില്ലകളിലേയും വനിതാ കൗൺസിലർമാർക്കും 80 ലക്ഷം രൂപ 8 ജില്ലകളിലെ നിർഭയ വോളന്റിയർമാർക്കും റമ്യൂണറേഷൻ അനുവദിച്ചിട്ടുണ്ട്.

ഇന്റർനെറ്റിന്റെയും, മൊബൈൽ ഫോണിന്റെയും ദുരുപയോഗം കൊണ്ട് കുട്ടികളിൽ ഉണ്ടാകുന്ന മാനസിക വിഷമങ്ങൾ പരിഹരിക്കുന്നതിനായി കേരളത്തിലെ 6 മേജർ സിറ്റികളിൽ Digital De-Addiction സെന്ററുകൾ നടത്തുന്നതിനായി Social Policing Directorate ന് 80 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

2022-2023 സംസ്ഥാന സർക്കാർ പ്ലാൻ പദ്ധതി പ്രകാരം 440 ലക്ഷം രൂപ Community policing Scheme പ്രകാരം കുട്ടികളുടേയും സ്ത്രീകളുടെയും സംരക്ഷണത്തിനും ഉന്നമനത്തിനുമായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. കൺട്രോൾ റൂം ഹൈവേ പട്രോൾ, പോലീസ് സ്റ്റേഷൻ വെഹിക്കിളുകൾ എന്നിവയിൽ ഘടിപ്പിക്കുന്നതിനായി 245 മൊബൈൽ ഡാറ്റാ ടെർമിനൽസ്, കാർ ചാർജറുകൾ, ബാറ്ററികൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്.

**ക്രമസമാധാന പ്രശ്നങ്ങൾ ഇല്ലാതാക്കുന്നതിന് പൊതുജനങ്ങളുമായി നല്ല ബന്ധം സ്ഥാപിക്കുന്നതിന് ജനമൈത്രി പോലീസ് സംവിധാനം ശക്തമായി നടപ്പിലാക്കി വരുന്നു. ക്രമസമാധാനപാലനം, കുറ്റാന്വേഷണം എന്നിവയ്ക്ക് പുറമെ പൗരസേവനത്തിലും ഊന്നൽ നൽകിക്കൊണ്ട് കേരളാ പോലീസ് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കി വരുന്നു. അവയിൽ വനിതകളേയും, കുട്ടികളേയും, മുതിർന്ന പൗരന്മാരേയും സഹായിക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള Koottu, Pink Protection Project, POL-APP, Domestic Conflict Resolution Center, Senior Citizen Help Desk,**

| | | | |
|---|---|---|---|
| | | | **Women Help Desk, Nirbhaya, CAP HOUSE, Chiri Help Desk, Project Hope, Child Friendly Police Station, Aparajitha, Pink Police Patrol, Women Self Defence Training Programme, Counter Child Sexual Exploitation Center എന്നീ പദ്ധതികൾ നിലവിലുണ്ട്.** |

സെക്ഷൻ ഓഫീസർ